**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4437** **13.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ**

| | | | |
|---|---|---|---|
| **ചോദ്യം:** | | **മറുപടി:** | |
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 'പടവുകൾ' ദ്വൈമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വികസന പദ്ധതികൾ സംബന്ധിക്കുന്ന കൈപുസ്തകം, ബ്രോഷറുകൾ എന്നിവയും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (ബി) | ഓരോ പ്രസിദ്ധീകരണങ്ങൾക്കും 2018-19 സാമ്പത്തിക വർഷത്തെ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ പ്രസിദ്ധീകരണങ്ങളിലെ പരസ്യ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | പരസ്യ ഇനത്തിൽ വരുമാനം ഒന്നും ലഭ്യമാകുന്നില്ല. |
| (ഡി) | ഈ പ്രസിദ്ധീകരണങ്ങൾ ആർക്കെല്ലാമാണ് നൽകുന്നതെന്നും സൗജന്യമായിട്ടാണോ നൽകുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | 'പടവുകൾ' ദ്വൈമാസിക ബഹു. മന്ത്രിമാർ, ബഹു.എം.എൽ.എ.മാർ, പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടറേറ്റുകൾ, കിർത്താഡ്സ്, ജില്ലാ പട്ടികജാതി വികസന ആഫീസുകൾ, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ എന്നിവടങ്ങളിലെത്തിക്കുന്നു. കൈപ്പറ്റുന്ന മാഗസിനുകൾ ഒരു പ്രൊമോട്ടർ 4 എണ്ണം എന്ന തോതിൽ 10 രൂപ നിരക്കിൽ വിൽക്കുകയും ശേഷിക്കുന്ന മാഗസിനുകൾ ജനപ്രതിനിധികളായ സാമൂഹിക പ്രവർത്തകർ മറ്റുദ്യോഗസ്ഥർ എന്നിവർക്ക് സൗജന്യമായി വിതരണം നടത്തുകയും ചെയ്യുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാരിനും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രതിനിധികൾക്കും, വകുപ്പിന്റെ ജില്ലാതല ഓഫീസുകൾക്കും പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും മറ്റ് സാമൂഹിക പ്രവർത്തകർക്കും നൽകുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളെല്ലാം വകുപ്പ് സൗജന്യമായിട്ടാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| (ഇ) | അല്ലെങ്കിൽ ഓരോന്നിനും ഈടാക്കുന്ന തുക, അതിലൂടെ ആകെ ലഭിച്ച വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | (ഇ) | 10 രൂപ നിരക്കിലാണ് 'പടവുകൾ' നൽകി വരുന്നത്. ടി കാലയളവിൽ വിറ്റുവരവ് ഇനത്തിൽ 93,270/- രൂപ കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2018-19 സാമ്പത്തിക വർഷത്തെ ചെലവ് വിവര സ്റ്റേറ്റ്മെന്റ്

### പട്ടികജാതി വികസന വകുപ്പ്

| ലക്കം "പടവുകൾ" മാസിക | പ്രിൻറിംഗ് ചാർജ്ജിനത്തിൽ നൽകിയ തുക | പാഴ്സൽ കയറ്റിയിറക്കിന് ചെലവായ തുക | സാഹിത്യകാരന്മാർക്കുള്ള പ്രതിഫല തുക ഇനത്തിൽ ചെലവായ തുക | ആകെ തുക |
|---|---|---|---|---|
| ഏഴാം ലക്കം | 286944 | 4190 | 20750 | 311884 |
| ഒൻപതാം ലക്കം | 283558 | 4800 | 17750 | 306108 |
| പത്താം ലക്കം | 286924 | 4800 | 15400 | 307124 |
| പതിനൊന്നാം ലക്കം | 286944 | 5400 | 11500 | 303844 |
| പന്ത്രണ്ടാം ലക്കം | 286944 | 4750 | 11400 | 303094 |
| എഡിറ്ററുടെ ഹോണറേറിയം ഏപ്രിൽ മുതൽ നവംബർ വരെ - 1,35,000/- | | | | |
| ആകെ തുക | | | - 19,75,198/- | |

### പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (2018-19) |
|---|---|---|
| 1 | പട്ടികവർഗ്ഗ വികസന പദ്ധതികൾ സംബന്ധിക്കുന്ന കൈപുസ്തകം | 1,20,000/-രൂപ |
| 2 | ബ്രോഷർ | 15,000/-രൂപ |

സെക്ഷൻ ഓഫീസർ